**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങൾ തിരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തികനയങ്ങൾ തിരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന തെറ്റായ സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ചുകൊണ്ട് സംസ്ഥാനത്തെ മന്ത്രിമാരും ജനപ്രതിനിധികളും ഡൽഹിയിൽ പ്രക്ഷോഭവും സംഘടിപ്പിച്ചിരുന്നു.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.<br><br>വിവിധ നിവേദനങ്ങളിലൂടെയും കത്തുകളിലൂടെയും സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക |

വർഷം മുതൽ കുറവ് വരുത്തി വരുകയാണ്. ഈ നിലപാടിൽ മാറ്റം വരുത്തുക.

2) ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക

3) സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാകുന്നതിനുള്ള കാലയളവ് 5 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുക.

4) സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി വരുമാന വിഭജനത്തിന്റെ അനുപാതം 50:50 ൽ നിന്ന് 60:40 ആയി ഉയർത്തുക.

5)അസാധാരണമായ ഉയർന്ന നിരക്കിൽ കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ് എന്നിവ ഘട്ടം ഘട്ടമായി നിർത്തലാക്കുക.

6) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, ഹെൽത്ത് ഗ്രാന്റ്, സംസ്ഥാന ദുരന്ത ലഘൂകരണ നിധി എന്നിവയിൽ ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

7) 7-ാമത് യു.ജി.സി ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

8) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 60:40 ൽ നിന്ന് 75:25 ആയി ഉയർത്തുക.

9) മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിങ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ഈ നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.

10) സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെടുന്ന AIIMS സ്ഥാപിക്കൽ, റെയിൽവേ വികസനം മുതലായവ സാധ്യമാക്കുക.

| | | | |
|---|---|---|---|
| | | | കൂടാതെ ജി.എസ്.ടി കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ കേരളം കേന്ദ്രത്തിന്റെ വിവേചനപരമായ നടപടികൾക്കെതിരെ ശക്തമായ നിലപാട് വ്യക്തമാക്കാറുണ്ട്. എസ്.ജി.എസ്.ടി വരുമാനത്തിൽ 10-11% വാർഷിക വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി വാർഷിക വർദ്ധനവ് 3% മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ അപാകത പരിഹരിക്കണമെന്നും ബഹു. ധനകാര്യ മന്ത്രി 53-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, 12.09.2024 ൽ തെലങ്കാന, തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെയും, ധനകാര്യ സെക്രട്ടറിമാരെയും, പ്രഗത്ഭരായ സാമ്പത്തിക വിദഗ്ദ്ധന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ പ്രതിപക്ഷ നേതാവും പങ്കെടുത്തിരുന്നു. പ്രസ്തുത കോൺക്ലേവിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചും 16-ാം ധനകാര്യ കമ്മീഷനിൽ സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക വിഹിതം ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി.<br><br>ഇത്തരത്തിൽ വിവിധ സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക അധികാരങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ബി) | ഇത്തരം തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെ മറ്റ് സംസ്ഥാനങ്ങളെക്കൂടി പങ്കെടുപ്പിച്ച് ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമോ; വിശദമാക്കുമോ? | (ബി) | കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന തെറ്റായ സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ചുകൊണ്ട് സംസ്ഥാനത്തെ മന്ത്രിമാരും ജനപ്രതിനിധികളും ഡൽഹിയിൽ പ്രക്ഷോഭവും സംഘടിപ്പിച്ചിരുന്നു.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ |

നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.

വിവിധ നിവേദനങ്ങളിലൂടെയും കത്തുകളിലൂടെയും സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തി വരുകയാണ്. ഈ നിലപാടിൽ മാറ്റം വരുത്തുക.

2) ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക

3) സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാകുന്നതിനുള്ള കാലയളവ് 5 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുക.

4) സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി വരുമാന വിഭജനത്തിന്റെ അനുപാതം 50:50 ൽ നിന്ന് 60:40 ആയി ഉയർത്തുക.

5)അസാധാരണമായ ഉയർന്ന നിരക്കിൽ കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ് എന്നിവ ഘട്ടം ഘട്ടമായി നിർത്തലാക്കുക.

6) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, ഹെൽത്ത് ഗ്രാന്റ്, സംസ്ഥാന ദുരന്ത ലഘൂകരണ നിധി എന്നിവയിൽ ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

7) 7-ാമത് യു.ജി.സി ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

| | | | | |
|---|---|---|---|---|
| | | | | 8) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 60:40 ൽ നിന്ന് 75:25 ആയി ഉയർത്തുക.<br><br>9) മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിങ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ഈ നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.<br><br>10) സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെടുന്ന AIIMS സ്ഥാപിക്കൽ, റെയിൽവേ വികസനം മുതലായവ സാധ്യമാക്കുക.<br><br>കൂടാതെ ജി.എസ്.ടി കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ കേരളം കേന്ദ്രത്തിന്റെ വിവേചനപരമായ നടപടികൾക്കെതിരെ ശക്തമായ നിലപാട് വ്യക്തമാക്കാറുണ്ട്. എസ്.ജി.എസ്.ടി വരുമാനത്തിൽ 10-11% വാർഷിക വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി വാർഷിക വർദ്ധനവ് 3% മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ അപാകത പരിഹരിക്കണമെന്നും ബഹു. ധനകാര്യ മന്ത്രി 53-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, 12.09.2024 ൽ തെലങ്കാന, തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെയും, ധനകാര്യ സെക്രട്ടറിമാരെയും, പ്രഗത്ഭരായ സാമ്പത്തിക വിദഗ്ദ്ധന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ പ്രതിപക്ഷ നേതാവും പങ്കെടുത്തിരുന്നു. പ്രസ്തുത കോൺക്ലേവിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചും 16-ാം ധനകാര്യ കമ്മീഷനിൽ സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക വിഹിതം ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി.<br><br>ഇത്തരത്തിൽ വിവിധ സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക അധികാരങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ